**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3256** **11-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ അൺഎയ്ഡഡ് സ്കൂളുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്കാണ് നിലവിൽ അംഗീകാരം നൽകിവരുന്നത്. |
| (ബി) | നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കുന്നതിന് വ്യവസ്ഥയുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | 22/05/2019 തീയതിയിലെ സ.ഉ(കൈ) 45/2019/ പൊ.വി.വ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് ഉചിതമാർഗേന അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്കാണ് സർക്കാർ അംഗീകാരം നൽകിവരുന്നത്. എന്നാൽ ടി ഉത്തരവ് പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മാനദണ്ഡങ്ങൾ പാലിച്ച് അംഗീകാരം നേടാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് വിദ്യാഭ്യാസ അവകാശ നിയമം 2009 ന് എതിരായതിനാൽ അത്തരം സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അടച്ചുപൂട്ടുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ